# മതേതരം സാഹോദര്യം

## മണ്ണിക്കരോട്ട്

ഉറങ്ങിക്കിടന്ന സിംഹം ഉണർന്ന് പൂർവ്വാധികം ശക്തിയോടെ ഇരയുടെ മുന്നിൽ ചാടി വീഴുന്നതു പോലെ 1990–കളിലും 2000–ത്തിലും ഇൻഡ്യയിൽ അലയടിച്ചുയർന്ന വർഗ്ഗീയ വിഭ്രാന്തിയുടെ മാറ്റൊലി ഏഴാം കടലും കടന്ന് അമേരിക്കയിലെ മലയാളികളിലും മുഴങ്ങി. ഈ ശബ്ദത്തിന്റെ മാറ്റൊലി രഹസ്യമായും പലപ്പോഴും പരസ്യമായും ഒളിഞ്ഞും തെളിഞ്ഞും സമൂഹത്തിൽ പ്രതിധ്വനിച്ചിട്ടുണ്ട്.

വായിൽ സ്വർണ്ണക്കരണ്ടിയുമായി ജനിച്ചില്ലെങ്കിലും സുവർണ്ണസംസ്ക്കാരമായ ആർഷസംസ്ക്കാരത്തിന്റെ അംഗങ്ങളാണ് ഭാരതീയർ. സത്യം, അഹിംസ, സാഹോദര്യം, സഹിഷ്ണത മുതലായ സുകുമാര ഗുണങ്ങളാണ് നമ്മുടെ സംസ്ക്കാരത്തിന്റെ അടിസ്ഥാനശിലകൾ. ദേവന്മാരുടെയും ഋഷിമാരുടെയും പാദസ്പർശമേറ്റ മണ്ണിന്റെ മക്കൾ. സനാതന ധർമ്മത്തിന്റെ സന്തതിപരമ്പര.

പാരമ്പര്യം പറയാൻ പലതുണ്ട്. വിശേഷിപ്പിക്കാൻ സവിശേഷതകളേറെ. അടുത്തകാലംവരെ ഭാരതവാസികൾ ഈ സവിശേഷതകളുടെ ഫലം അനുഭവിച്ചു ജീവിച്ചവരാണ്. അതിന്റെ അടയാളമാണ് നൂറ്റാണ്ടുകളായി ഇൻഡ്യയിൽ, എല്ലാമതക്കാരും ഏകോദരസഹോദരങ്ങളെപ്പോലെ സഹകരിച്ച് ജീവിച്ചുപോരുന്നത്. കൂടാതെ ആധുനിക ഭാരതത്തിന്റെ ഭരണഘടന അനുശാസിക്കുന്ന മതേതരവ്യവസ്ഥിതികൊണ്ട് ഓരോ ഭാരതീയനും മതസ്വാതന്ത്ര്യം ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. കേരളിയരെ സംബന്ധിച്ചിടത്തോളം അതുമാത്രമല്ല 'ദൈവത്തിന്റെ സ്വന്തം നാട്ടിൽ' ജനിച്ചവരെന്ന വിശേഷണം വേറെ.

അമേരിക്കയിലെ മലയാളികളെക്കുറിച്ച് ചിന്തിച്ചാലോ? ഒരുപിടി സ്വപ്നങ്ങൾമാത്രം കൈമുതലായി കടന്നുവന്നവരെങ്കിലും, ശരാശരി അമേരിക്കക്കാരുമായി തട്ടിച്ചുനോക്കുമ്പോൾ സമ്പത്തിന്റെ സഹ്യനിൽ, ആഡംഭരങ്ങളുടെ ഔന്നത്യത്തിൽ സ്വച്ഛന്ദം വിഹരിക്കുന്നവർ. അമേരിക്കയിലെ മലയാളി കുടിയേറ്റക്കാരുടെ പൂർവ്വസ്ഥിതിയെക്കുറിച്ചു ചിന്തിച്ചാൽ ബഹുഭൂരിപക്ഷത്തിനും ഭാഗ്യത്തിന്റെ പരമകവാടമാണ് തുറക്കപ്പെട്ടത്. അവരുടെ സ്വപ്നങ്ങൾ പ്രതീക്ഷാതീതമായി സാക്ഷാത്ക്കരിച്ചു. സ്വർണ്ണക്കരണ്ടിയും സ്വർണ്ണത്തളികപോലും ഇന്നവർക്ക് അന്യമല്ല. എട്ടു ഡോളറിൽനിന്ന് കോടികളും, കാലിപ്പെട്ടിയിൽനിന്ന് കപ്പൽ നിറയാൻ കോപ്പുകളും കൊയ്തെടുത്തു. അതോടൊപ്പം അമേരിക്കയിലെ മതസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും എല്ലാവിധ മാനുഷ്യാവകാശങ്ങളും കൺമുമ്പിലുണ്ട്, അനുഭവിക്കുന്നുമുണ്ട്. എന്നിട്ടുമെന്തേ അമേരിക്കയിലെ മലയാളികളിൽ പലപ്പോഴും കണ്ടുവരുന്ന ഈ വർഗ്ഗീയവിഭ്രാന്തി? (അങ്ങനെയൊന്ന് ഇല്ലെന്ന് ആരെങ്കിലും പറഞ്ഞാൽ അത് വെറും മേനിപറയുക മാത്രമാണ്).

മനുഷ്യസ്നേഹത്തെ കാർന്നുതിന്നുന്ന ഈ വിഷവിത്ത്, സാമൂഹ്യനന്മയെ നശിപ്പിക്കുമെന്നു മാത്രമല്ല മനുഷ്യത്വത്തെപ്പോലും സംഹരിക്കാൻ കഴിയുന്ന ഉഗ്രസംഹാരിണിയാണെന്നുള്ളതിന് സംശയമില്ല. അതാണല്ലൊ മാതൃരാജ്യമായ ഇൻഡ്യയിൽ പലയിടത്തും പലപ്പോഴും നടമാടിയിട്ടുള്ളതും ഒരളവുവരെ തുടരുന്നതും. 2002–ൽ മനുഷ്യമനസ്സിനെ ഞെട്ടിച്ചുകൊണ്ട്, മനുഷ്യഹൃദയത്തെ മരവിപ്പിച്ചുകൊണ്ട് ഗുജറാത്തിൽ താണ്ഡവനൃത്തമാടിയ വർഗ്ഗീയ വിദ്വേഷത്തിന്റെ വിഷാഗ്നിയിൽ വെന്തെരിഞ്ഞ മനുഷ്യാത്മക്കളുടെ രോദനം ഒരുനാളും നിലയ്ക്കുന്നതല്ല. മനുഷ്യഹൃദയങ്ങളിലേറ്റ ആ മുറിവ് ഒരുനാളും ഉണങ്ങുകയുമില്ല. മതഭ്രാന്തിന്റെ ഒരു ചുടലക്കാടായി മാറുകയായിരുന്നു ഗൂജറാത്തിന്റെ പലഭാഗങ്ങളും. മതേതരത്തിന്റെ മർമ്മങ്ങളാണ് ഇൻഡ്യയിൽ തകർക്കപ്പെടുന്നത്. ആർഷസംസ്ക്കാരത്തിന്റെ മൂല്യങ്ങളാണ് അവിടെ കത്തിയമർന്നത്. സാഹോദര്യത്തിന്റേയും സനാതനധർമ്മത്തിന്റേയും ഹൃദയമാണ് പിളർന്നത്. ആദ്യനൂറ്റാണ്ടുകളിൽ അന്യനാടുകളിൽ അരങ്ങേറിയിട്ടുള്ളതിലും കഠിനമായ മതവിദ്വേഷങ്ങളും മതധ്വംസനങ്ങളും. കിരാതസംസ്ക്കാരത്തെപ്പോലും കിടിലം കൊള്ളിക്കുന്ന കാപാലികപ്രക്രിയകൾ.

എന്റെ ചിന്തകൾ ബഹുദൂരം പിന്നിലേക്ക് പാഞ്ഞുപോകയാണ്. കൊഴിഞ്ഞുപോയ ഭൂതകാലത്തിന്റെ ഓർമ്മകൾ ഒരു കണ്ണാടിയിലെന്നപോലെ മനസ്സിന്റെ വെള്ളിത്തിരയിൽ പ്രതിബിംബിക്കുന്നു. എത്രയൊ ആനന്ദദായകമായിരുന്നു നമ്മുടെ കൊച്ചുകേരളത്തിലെ ആ കൊച്ചുഗ്രാമത്തിൽ പിന്നിട്ട ബാല്യകാലം. സ്നേഹവും ഐക്യവും സഹാനുഭൂതിയും സഹസൃഷ്ടിബന്ധവും; അവികലമായി, അവിരതമായി അകമഴിഞ്ഞൊഴുകിയ നാളുകൾ. അവിടെ മനുഷ്യനെ മനുഷ്യനായി മനസ്സിലാക്കിയിരുന്നു. ജാതിയും മതവുമായിരുന്നില്ല അവിടെ പ്രധാനം. അയൽപക്കത്ത് മാതുനായരും (മാധവൻ നായർ) കൃഷ്ണൻ ചാന്നാരും ലൂക്കോച്ചായനും. പിന്നെ കേശുനായരും (കേശവൻ നായർ) പരമുവും തോമ്മാച്ചനും അതുപോലെ പല

രും. അരമൈൽ ചെന്നാൽ നാൽക്കവലയായി. അവിടെയടുത്താണ് രാവത്തരും (റാവുത്തർ) മമ്മതുപക്കീരും (മഹമ്മദ് ഫക്കീർ) താമസിച്ചിരുന്നത്. അങ്ങനെ നാനാജാതിമതസ്ഥരും ഇടകലർന്ന ഒരു സമൂഹം. ഫലമോ? മഹാകവി ചങ്ങമ്പുഴ പാടിയതുപോലെ "അഴകുമാരോഗ്യവും സ്വസ്ഥതയുമവിടത്തിൽ മൊട്ടിട്ടു നിന്നിരുന്നു. അവിടമൊരൈശ്വര്യദേവത തന്നനഘദേവാലയമായിരുന്നു".

പലപ്പോഴും എന്റെ പിതാവും നാനാ ജാതിമതസ്ഥരായ മറ്റു പലരുംകൂടി ഒത്തുചേരുന്നതുകാണാമായിരുന്നു. എന്തൊരു സൗഹൃദസമ്മേളനങ്ങളായിരിന്നു അതൊക്കെയെന്നോ? അവിടെ ജാതിക്കോമരങ്ങളുടെ നിഗൂഢതന്ത്രങ്ങളോ നികൃഷ്ടപ്രവർത്തനങ്ങളോ കണികാണാൻ കഴിഞ്ഞിട്ടില്ല. അവിടെ ഒരാളുടെ പ്രശ്നങ്ങളും വിശേഷങ്ങളും എല്ലാവരുടെതുമാണ്. വിശേഷദിവസങ്ങളിൽ വിശിഷ്ടഭോജ്യങ്ങൾ കൈമാറുക പതിവായിരുന്നു. ഞായറാഴ്ച ഞങ്ങൾ പള്ളികഴിഞ്ഞ് വരുന്നത് മാതുനായരുടെ വീടനടുത്തുകൂടിയാണ്. വരുന്നവഴിക്ക് അവിടെ കയറി ചായകുടിയ്ക്കുക പതിവായിരുന്നു. അതവർ പ്രതീക്ഷിക്കുന്നതുമായിരിക്കും. അത് ഒരുദിവസം മുടങ്ങിയാൽ പരിഭവമായി. പള്ളിപ്പെരുനാളുകളിൽ ജാതിമതഭേദമന്യെ ഏവരും ഒന്നായി പങ്കെടുക്കും. അതുപോലെ അമ്പലത്തിലെ ഉത്സവങ്ങളും എല്ലാവരുടെയും സഹകരണത്തോടുകൂടി ആയിരിക്കും നടത്തുന്നത്.

ചെറുപ്പം മുതലെ ഹിന്ദുക്കളും മുസ്ലീംകളും എനിക്ക് കൂട്ടുകാരായിട്ടുണ്ടായിരുന്നു. ജാതിയൊ മതമൊ സ്നേഹബന്ധത്തിന് ഒരിക്കലും പ്രതിബന്ധമായിരുന്നില്ല. ചരിത്രപ്രസിദ്ധമായ പട്ടാഴി അമ്പലം ഞാൻ പലപ്രാവശ്യം സന്ദർശിച്ചിട്ടുണ്ട്. എന്റെ ഹൈന്ദവ സുഹൃത്തുക്കളാണ് എന്നെ അവിടെ കൊണ്ടുപോയത്. അവിടെയുള്ള പ്രസിദ്ധമായ പട്ടാഴി ഭഗവതി പ്രതീഷ്ഠയും പൊന്നിൻ മുടിയും കാണാൻ കഴിഞ്ഞത് ഞാൻ ഇപ്പോഴെന്നതുപോലെ ഓർക്കുന്നു. പട്ടാഴി അമ്പലവും അതിനടുത്തുള്ള അരയാൽ തറയും പരിസരങ്ങളും എന്നെ നന്നേ ആകർഷിച്ചിരുന്നു. അതിൽനിന്നും ഉരുത്തിരിഞ്ഞ ചിന്തകളാണ് എന്റെ 'അഗ്നിയുദ്ധം' എന്ന നോവലിലെ അമ്പലവർണ്ണനയ്ക്ക് അവലമ്പമായിത്തീർന്നത്. എന്റെ മതഗ്രന്ഥശേഖരത്തിൽ ബൈബിൾ കൂടാതെ ഭഗവദ് ഗീതയും ഖുറാനും എപ്പോഴും ഉള്ള ഗ്രന്ഥങ്ങളാണ്.

ഡൽഹിയിലെ എന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കൾ കുഞ്ചുഞ്ഞും ഉണ്ണിപ്പിള്ളയും വി.എം.ബി. പിള്ളയും അഷറ്ഫും ഒക്കെയായിരുന്നു. എല്ലാവരുംകൂടി ഒരുമുറിയിൽ കഴിഞ്ഞ് ഒരു പാത്രത്തിൽനിന്ന് കഴിച്ചപ്പോൾ ഒരു കുടുംബത്തിലെ അംഗങ്ങളെന്നപോലെ മാത്രമെ തോന്നിയിട്ടുള്ളു. ഒരാൾ നാട്ടിൽ പോയാൽ കഴിയുന്നതും എല്ലാവരുടെയും ഭവനങ്ങൾ സന്ദർശിക്കും. കറയില്ലാത്ത സ്നേഹത്തിന്റെ നാളുകൾ!

ഓരോരുത്തരും അവനവന്റെ പാരമ്പര്യമനുസരിച്ചോ വിശ്വാസമനുസരിച്ചോ ഉള്ള ദേവാലയത്തിൽ പൊയ്ക്കൊള്ളട്ടെ. അതുകൊണ്ട് മനുഷ്യത്വത്തിന് മാറ്റമുണ്ടാകുമോ? എന്നാൽ മനുഷ്യഹൃദയങ്ങളെ മരവിപ്പിക്കുന്ന അനുഭവങ്ങളാണ് പലപ്പോഴും മാതൃരാജ്യത്ത് നടമാടിക്കൊണ്ടിരിക്കുന്നത്. ഇൻഡ്യ അല്ലെങ്കിൽ കേരളം എന്ന് കേൾക്കുമ്പോൾ ഗർവ്വ്കൊണ്ട് 'ചോര ഞരമ്പുകളിൽ തിളയ്ക്കുന്ന'തിന് പകരം അപമാനം കൊണ്ട് രക്തം നിശ്ചലമാകുന്ന അവസ്ഥയാണ് പലപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ത്രേതായുഗത്തിന്റെ തേർവാഴ്ചകളും കിരാതസംസ്ക്കാരത്തിന്റെ കാപാലികതയും ഇൻഡ്യയിൽ പലപ്പോഴും പലയിടത്തും കാണാൻ കഴിയുന്നു. ജനപ്പെരുപ്പംകൊണ്ടും തൊഴിലില്ലായ്മകൊണ്ടും നിരക്ഷരതകൊണ്ടും മറ്റും നാട്ടിലെ ലക്ഷ്യമില്ലാത്ത ജനങ്ങൾക്ക് എന്തുമാകാം. അങ്ങനെയുള്ള പാവപ്പെട്ട സാധാരണ ജനങ്ങളെ, രാഷ്ട്രീയനേട്ടം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരുകൂട്ടം നേതാക്കൾ വെറും ഉപകരണങ്ങളാക്കി ഉപയോഗിക്കുകയാണ്. സ്വാർത്ഥതാൽപര്യങ്ങളും സ്ഥാപിതതാൽപര്യങ്ങളുമായിരിക്കും ഈ നേതാക്കളുടെ ഉള്ളിൽ. അതിനുവേണ്ടി പ്രത്യാശയും പ്രലോഭനങ്ങളും നൽകി അവർ ജനങ്ങളെ വശീകരിക്കുന്നു. എത്രക്രൂരവും പൈശാചികവുമായ പ്രവർത്തനങ്ങൾക്കും നശീകരണത്തിനും സാധാരണ ജനങ്ങളെ പ്രേരിപ്പിക്കും. ഈ സാധാരണക്കാരിൽ പലരുടേയും അന്ത്യവും അതുപോലെയായിരിക്കും.

സ്വന്തം താൽപര്യങ്ങളല്ലാതെ ഈ കപടനേതാക്കൾക്ക് മറ്റൊരു ലക്ഷ്യമില്ല. അതിന് ഇൻഡ്യയിലെ പല നേതാക്കളും കണ്ടിരിക്കുന്ന ഒറ്റമൂലിയാണ് വർഗ്ഗീയത. വിഭജിച്ച് ഭരിക്കുകയായിരുന്നു ബ്രിട്ടീഷ്കാരുടെ ലക്ഷ്യമെങ്കിൽ മനുഷ്യരെ മതഭ്രാന്തരാക്കി തമ്മിലടിപ്പിച്ച് നേട്ടം കൊയ്യുകയാണ് ഇന്നത്തെ ഒരുകൂട്ടം രാഷ്ട്രീയക്കാരുടെ ലക്ഷ്യം.

ചിന്തിക്കാൻ കഴിയുന്നവരും മനസാക്ഷിയുള്ളവരും തൊഴിലുള്ളവരും ഇതുപോലെയുള്ള നശീകരണപ്രവണതകളിൽനിന്ന് അകലം പാലിക്കേണ്ടതാണ്. അമേരിക്കയിലെ മലയാളികൾ തൊഴിലുള്ളവരാണ്. മനസ്സാക്ഷിയും കുറവല്ലെന്നുവേണം കരുതാൻ. പ്രത്യേകിച്ച് ഒന്നാം തലമുറക്കാർ ജീവിതത്തിന്റെ അന്ത്യയാമത്തിൽ എത്തിയിരിക്കുന്ന കാലം. അന്ത്യം കണ്ണെത്തും ദൂരത്തായിട്ടും സാമ്പത്തിക സൗഭാഗ്യത്തിന്റെ പടവുകളേറെ കടന്നിട്ടും പിന്നെയും പിന്തിരിപ്പൻ ചിന്താഗതികളോ? നാട്ടിലെ നശീകരണ പ്രവണ

തകൾ അമേരിക്കയിലും എന്തിന് ഇറക്കുമതി ചെയ്യണം? ജന്മനാടിന്റെ നന്മയ്ക്കായി മറുനാടൻ മലയാളികൾക്ക് പലതും ചെയ്യാൻ കഴിയും, അതുപോലെ കർമ്മനാട്ടിലും. അതുവിട്ട് നാട്ടിൽ നടമാടിക്കൊണ്ടിരിക്കുന്ന വർഗ്ഗീയ വിഭ്രാന്തി വിലയ്ക്കെടുത്ത് തമ്മിലടിച്ച് ശിഷ്ടകാലം നഷ്ടപ്പെടുത്തുന്നത് മൗഢ്യമാണ്.

നാട്ടിലെ നശീകരണ പ്രവണതകൾക്ക് അമേരിക്കയിലെ മലയാളികൾ കൂട്ടുനിൽക്കുന്നെങ്കിൽ അതെന്തിനെന്നു ചിന്തിച്ച് ചിന്താഗതിയിൽ മാറ്റമുണ്ടാകണം. പുരോഗമനചിന്തയും ദീർഘവീക്ഷണവുമാണ് വളർത്തേണ്ടത്. നമുക്ക് ലഭിച്ചിട്ടുള്ള ഭൗതീകനേട്ടങ്ങൾകൊണ്ട് ജന്മഭൂമിയിലും കർമ്മഭൂമിയിലും കഴിയുന്നത്ര നന്മ ചെയ്യുക. അതൊടൊപ്പം അമേരിക്കയിലെ മലയാളികൾക്ക് ഏറെ ആവശ്യമായ, നഷ്ടപ്പെട്ടുകൊണ്ടരിക്കുന്ന സഹോദരസ്നേഹത്തിനുവേണ്ടി എന്തുവിട്ടുവീഴ്ചക്കും തയ്യാറാകുക. അപ്പോൾ ഭൗതീക നേട്ടങ്ങൾക്കൊപ്പം മതേതരം സാഹോദര്യമായി അനുഭവിക്കാനും ആസ്വദിക്കാനും കഴിയും. അപ്പോൾ ജീവിതത്തിൽ സമാധാനവും സന്തോഷവും ദീർഘായുസും കൈവരും.